# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/271/2018 2018 ഡിസംബർ 15

# വാർത്താക്കുറിപ്പ്

## മഹാത്മാ ഗാന്ധി സർവകലാശാല 16 ഹ്രസ്വകാല അപ്ലൈഡ് കോഴ്‌സുകൾ ആരംഭിക്കുന്നു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഹ്രസ്വകാല അപ്ലൈഡ് കോഴ്‌സുകൾക്കുവേണ്ടിയുള്ള ഡയറക്ടറേറ്റിനു (ഡി.എ.എസ്.ടി.പി.) കീഴിൽ 16 പ്രോഗ്രാമുകളിലായി സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്‌സുകൾ ആരംഭിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിൽ. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ സർവകലാശാലയിൽ നടന്ന സെനറ്റ് യോഗത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

കോഴ്‌സുകൾ ജനുവരി ആദ്യവാരം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഓട്ടോമേറ്റഡ് ലേണിംഗ് ആന്റ് ഇവാല്യുവേഷൻ മാനേജ്‌മെന്റ് സംവിധാനം വികസിപ്പിക്കാൻ ധാരണയായി. പാഠപുസ്തകങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

സർവകലാശാലയുടെ നോൺ പ്ലാൻ ഗ്രാന്റ് വർധിപ്പിക്കാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുക, ഓഫീസ് അറ്റൻഡന്റ്, ലൈബ്രറി വിഭാഗം, സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകളിൽ നിയമനം നടത്താൻ കേരള പബ്ലിക് സർവീസ് കമ്മീഷനോട് ആവശ്യപ്പെടുക, ഇടുക്കി ജില്ലയിൽ പൂർണ സജ്ജീകരണത്തോടെ സർവകലാശാലയുടെ ഇൻഫർമേഷൻ കം ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുക എന്നിവ ആവശ്യപ്പെട്ട് പി. പത്മകുമാർ അവതരിപ്പിച്ച പ്രമേയങ്ങൾ സെനറ്റ് പാസാക്കി. ബിരുദ പ്രോഗ്രാമുകൾക്ക് നടപ്പാക്കിയ ക്വസ്റ്റ്യൻ ബാങ്ക് സംവിധാനം ബി.എഡ്. പ്രോഗ്രാമിനും നടപ്പാക്കാനാവശ്യപ്പെട്ട് വർഗീസ് കെ. ചെറിയാൻ അവതരിപ്പിച്ച പ്രമേയവും യോഗം പാസാക്കി. സർവകലാശാലയുടെ സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയിലേക്ക് സെനറ്റംഗവും അസിസ്റ്റന്റ് രജിസ്ട്രാറുമായ പി. പത്മകുമാറിനെ സെനറ്റ് യോഗം തെരഞ്ഞെടുത്തു. സർവകലാശാല ജീവനക്കാരി കെ. ആൻസിയുടെ നിര്യാണത്തിൽ യോഗം അനുശോചിച്ചു. രജിസ്ട്രാർ എം.ആർ. ഉണ്ണി അനുശോചന പ്രമേയം അവതരിപ്പിച്ചു.

## പരീക്ഷഫലം

2017 നവംബറിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.എ. ഫിലോസഫി (പ്രൈവറ്റ് - റഗുലർ, ഇംപ്രൂവ്‌മെന്റ്, സപ്ലിമെന്ററി, മേഴ്‌സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 27 വരെ അപേക്ഷിക്കാം.

## റിസർച്ച് മെതഡോളജി: ശിൽപശാല നടന്നു

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ റിസർച്ച് മെതഡോളജി രാജ്യാന്തര ശിൽപശാല സംഘടിപ്പിച്ചു. സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് സെമിനാർ ഹാളിൽ നടന്ന ശിൽപശാലയിൽ ഖത്തർ ഹമദ് മെഡിക്കൽ കോർപറേഷനിലെ ഡോ. ബ്രിജേക് സത്യൻ, ഡോ. കെ.എം. മുസ്തഫ, മുബൈ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിലെ ഡോ. മനോജ് ജോസഫ്, എസ്. ജാസിം എന്നിവർ വിവിധ വിഷയങ്ങളിൽ

ക്ലാസെടുത്തു. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് മേധാവി പ്രൊഫ. എൻ. രാജീവ് കുമാർ, പ്രൊഫ. പി.എസ്. സുകുമാരൻ എന്നിവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച റിസർച്ച് മെതഡോളജി രാജ്യാന്തര ശില്പശാലയിൽ ഖത്തർ ഹമദ് മെഡിക്കൽ കോർപറേഷനിലെ ഡോ. ബ്രിജേക് സത്യൻ സംസാരിക്കുന്നു**

## വാർത്ത വസ്തുതാവിരുദ്ധം

ജനുവരി ഒന്നിന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. /സി.ബി.സി.എസ്.എസ്. യു.ജി. പരീക്ഷകൾ ഡിസംബർ 31 ലേക്ക് മാറ്റിയത് വിദ്യാർഥികൾക്ക് വനിത മതിലിൽ പങ്കെടുക്കുന്നതിനാണെന്ന നിലയിൽ വന്ന വാർത്തകൾ വസ്തുതാവിരുദ്ധമാണെന്ന് മഹാത്മാ ഗാന്ധി സർവകലാശാല അറിയിച്ചു. ക്രിസ്മസ് അവധിക്കുശേഷം ഡിസംബർ 31ന് കോളജുകൾ തുറക്കുന്നതിനാലും ജനുവരി ഒന്നിന് പരീക്ഷ നടത്തുന്നതിൽ ചില സാങ്കേതിക തടസമുള്ളതിനാലുമാണ് ഡിസംബർ 31 ലേക്ക് പരീക്ഷകൾ മാറ്റിയത്.

## സ്കൂൾ ഓഫ് ലെറ്റേഴ്സിലെ വിദ്യാർഥികൾ നിർമ്മിക്കുന്ന സിനിമ 'ഋ' ചിത്രീകരണം തുടങ്ങി

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിലെ വിദ്യാർത്ഥികൾ നിർമ്മിക്കുന്ന 'ഋ' സിനിമയുടെ ചിത്രീകരണം ആരംഭിച്ചു. വില്യം ഷേക്സ്പിയറുടെ വിഖ്യാതമായ നാടകം 'ഒഥല്ലോ'യെ ആസ്പദമാക്കി കാമ്പസ് പശ്ചാത്തലത്തിലാണ് സിനിമ ഒരുക്കുന്നത്. കാമ്പസിലെ രാഷ്ട്രീയവും പ്രണയവും വർത്തമാനകാല പ്രസക്തമായി അവതരിപ്പിക്കുന്നു.

സ്കൂൾ ഓഫ് ലെറ്റേഴ്സിലെ ഗവേഷണ വിദ്യാർഥിയായ ഫാ. വർഗീസ് ലാൽ സംവിധാനം നിർവ്വഹിക്കുന്നു. ഗവേഷക വിദ്യാർഥിയും ദേശീയ ചലച്ചിത്ര പുരസ്കാര ജേതാവുമായ സിദ്ധാർത്ഥ് ശിവയാണ് ഛായാഗ്രഹണം. വിദ്യാർഥികളായ വിശാൽ ജോൺസ്, സാം മാത്യു, റെനീഷ് സോളമൻ, പ്രതീഷ്, ഗോവിന്ദ് എന്നിവർ പിന്നണിയിൽ പ്രവർത്തിക്കുന്നു.

സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അധ്യാപകനായ ജോസ് കെ. മാനുവലിന്റേതാണ് തിരക്കഥ. സ്കൂൾ ഓഫ് ലെറ്റേഴ്സിൽ രജിസ്ട്രാർ എം.ആർ. ഉണ്ണി ഭദ്രദീപം കൊളുത്തി സിനിമയുടെ ചിത്രീകരണത്തിന് തുടക്കം കുറിച്ചു. സ്കൂൾ ഓഫ് ലെറ്റേഴ്സ് മേധാവി ഡോ. കെ.എം. കൃഷ്ണൻ, ഡോ. ഗിരീഷ് കുമാർ, ഡോ. ഹരിലക്ഷ്മീന്ദ്രകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിലെ വിദ്യാർത്ഥികൾ നിർമ്മിക്കുന്ന 'ഋ' സിനിമയുടെ ചിത്രീകരണത്തിന് തുടക്കം കുറിച്ച് സർവകലാശാല രജിസ്ട്രാർ എം.ആർ. ഉണ്ണി ഭദ്രദീപം തെളിക്കുന്നു**

**എ. അരുൺ കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


പി.ആർ.ഒ./39/271/2018 2018 ഡിസംബർ 15

# വാർത്താക്കുറിപ്പ്

## കുട്ടനാടിന്റെ പ്രളയപ്രതിരോധം

## പഠനത്തിന് വിദഗ്ധ സമിതിയെ നിയോഗിക്കുമെന്ന് മന്ത്രി ജി. സുധാകരൻ

കുട്ടനാടിന്റെ പ്രളയ പ്രതിരോധനത്തിന് സ്വീകരിക്കേണ്ട പ്രതിരോധ നടപടികളെക്കുറിച്ച് പഠിക്കാൻ രാജ്യാന്തരതലത്തിൽ വിദഗ്ദർ ഉൾപ്പെടുന്ന ഏജൻസിയെ നിയോഗിക്കാൻ തീരുമാനിച്ചതായി പൊതുമരാമത്ത് -രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി. സുധാകരൻ പറഞ്ഞു . കാലാവസ്ഥ വ്യതിയാനവും ആഗോളതാപനവും മൂലം കടൽ ജലനിരപ്പ് ഉയരുന്നത് കുട്ടനാടിനെ നേരിട്ട് ബാധിക്കും . ഇക്കാര്യവും പഠനവിധേയമാക്കേണ്ടതാണെന്നും മന്ത്രി പറഞ്ഞു . മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസും ഡമോക്രാറ്റിക് ഹ്യൂമൺ റൈറ്റ്സ് എൻവയൺമെന്റൽ പ്രോട്ടക്ഷൻ ഫോറവുമായി സഹകരിച്ച് സി .എം.എസ്. കോളേജ് ബോട്ടണി വിഭാഗം സംഘടിപ്പിച്ച 'കാലാവസ്ഥാ വ്യതിയാനവും കുട്ടനാടിന്റെ ഭാവിയും ' എന്ന വിഷയത്തിലുള്ള സെമി നാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

എ.സി. റോഡിൽ വലിയപാലങ്ങൾ ഒഴിച്ച് കുട്ടനാടിന്റെ അവാസവ്യവസ്ഥയെ തകരാറിലാക്കുന്ന എല്ലാ കോൺക്രീറ്റ് നിർമ്മാണങ്ങളും ഒഴിവാക്കണം. അതിനായി പൊതുജനഭിപ്രായം ഉയരണം . എ.സി കനാൽ തുറക്കണമെന്ന ആവശ്യം സർക്കാർ നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു. യു.എൻ. പഠന റിപ്പോർട്ടിൽ നെതർലാന്റ് മാതൃകയുടെ കാര്യം സൂചിപ്പിക്കുന്നുണ്ട്. ഇതിന്റെ പ്രായോഗികമായ എല്ലാ സാധ്യതകളും സർക്കാർ പരിശോധിക്കും. കുട്ടനാട്ടിലെ കർഷകർ ഇപ്പോഴും നെൽകൃഷിയിൽ താല്പര്യമുള്ളവരാണ് . ഏത് പ്രതിസന്ധി ഉണ്ടായാലും അതിനെ അതിജീവിക്കാൻ കഴിവുള്ളവരാണ് കുട്ടനാട്ടുകാർ . കേരളത്തിന്റെ പുനർനിർമ്മാണത്തിൽ കുട്ടനാടിനെ ഹൃദയഭൂമിയായി മാറ്റാൻ ആവശ്യമായ നടപടി സ്വീകരി ക്കുമെന്നും മന്ത്രി പറഞ്ഞു.

ആഗോളതാപനവും കാലവസ്ഥ വ്യതിയാനവും കുട്ടനാടിന്റെ സമസ്ഥമേഖലകളിലും എങ്ങനെ ബാധിക്കുമെന്ന് അറിയാൻ സമയ ബന്ധിതമായി ഒരു പ ഠനം നടത്തണമെന്ന് ചർച്ചയ്ക്ക് നേതൃത്വം നൽകിയ മഹാത്മാഗാന്ധി സർവകലാശാല പരിസ്ഥിതി പഠനവിഭാഗത്തിലെ പ്രൊഫ . സി.ടി. അരവിന്ദകുമാർ പറഞ്ഞു. ഗ്രീൻ ഹൗസ് ഇഫക്ട് ഒരു യാഥാർത്ഥ്യമാണ്. അതിന്റേതായ മാറ്റങ്ങൾ ഉണ്ടാകും . മുന്നോട്ടുള്ള വികസനങ്ങൾ പ്രകൃതിയെ നോക്കിവേണമെന്നും അദ്ദേഹം പറഞ്ഞു.

ആഗോളതാപനത്തിന്റെ ഫലമായി ലോകത്തിന്റെ ചിലഭാഗത്ത് മഴയുടെ അളവ് ക്രമാതീതമായി വർധിക്കുമ്പോൾ മറ്റൊരു ഭാഗത്ത് ചൂടിന്റെ അളവ് വർധിക്കുന്ന പ്രതിഭാസം കണ്ടുവരുകയാണെന്നും ഈ പ്രതിഭാസങ്ങൾ രണ്ടും കടലിലെ ജല നിരപ്പ് ഉയർത്തിക്കൊണ്ടിരിക്കുകയാണെന്നും വിഷയാവതരണം നടത്തിയ എൺവയോൺമെന്റൽ പ്രോഗ്രാം മാനേജർ ഡോ ജോൺ സി . മാത്യു പറഞ്ഞു. അടുത്ത അടുത്ത ഇടവേളകളിൽ ഇത് കൂടുതലായി ഉണ്ടാകാൻ ഇടയുണ്ട്. അതിനെ പ്രതിരോധിക്കാൻ നമ്മുടെ ജീവിത

ശൈലിയിൽ മാറ്റം വരുത്തുകയും അതിനോട് അനുരൂപപ്പെട്ട് ജീവിക്കാൻ സജ്ജരാകുകയും വേണമെന്നും അദ്ദേഹം പറഞ്ഞു.

സി.എം.എസ്. കോളജ് പ്രിൻസിപ്പൽ ഡോ. റോയി സാം ഡാനിയേൽ അദ്ധ്യക്ഷത വഹിച്ചു. മാധ്യമ പ്രവർത്തകൻ ചെറുകര സണ്ണി ലൂക്കോസ് ആമുഖ പ്രസംഗം നടത്തി . അനിയൻ മാത്യൂ, ഡോ. ബോസിൽ ജോർജ് എന്നിവർ പ്രസംഗിച്ചു . റവ. ജേക്കബ് ജോർജ്, ഡിജോ കാപ്പൻ, അഡ്വ. ഫ്രാൻസിസ് തോമസ്, കുട്ടനാട്ടിൽ നിന്നുള്ള ജനപ്രതിനിധികൾ, കർഷകർ എന്നിവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസും ഡമോക്രാറ്റിക് ഹ്യൂമൺ റൈറ്റ്സ് എൻവയൺമെന്റൽ പ്രോട്ടക്ഷൻ ഫോറവുമായി സഹകരിച്ച് സി.എം.എസ്. കോളേജ് ബോട്ടണി വിഭാഗം സംഘടിപ്പിച്ച 'കാലാവസ്ഥാ വ്യതിയാനവും കുട്ടനാടിന്റെ ഭാവിയും' എന്ന വിഷയത്തിലുള്ള സെമിനാർ പൊതുമരാമത്ത് -രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി. സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു.**

**എ. അരുൺ കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**